ബി.ടി.എം.ഒ.യു.പി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025'26



## 1. ആമുഖം

മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലുള്ള വാലില്ലാപ്പുഴ.....

ജിന്നിന്റെ കരവിരുതിനാൽ ഒറ്റരാത്രികൊണ്ടു നിർമ്മിക്കപ്പെട്ടു എന്നു കരുതപ്പെടുന്ന ഈ വാലില്ലാപുഴയിൽ നിന്നും ഏകദേശം ഒരു കിലോമീറ്ററോളം ദൂരെയുള്ള അഴീക്കുന്നിന്റെ മുകളിലായി സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് ബാഫക്കീ തങ്ങൾ മെമ്മോറിയൽ ഓർഫനേജ് യു.പി സ്കൂൾ. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഏകദേശം നാലുപതിറ്റാണ്ടോളമായി തിളങ്ങി നിൽക്കുന്ന ഈ സ്ഥാപനം എളമരം യത്തീംഖാനയുടെ കീഴിൽ പ്രവർത്തിക്കുന്നു. ചാലിയാർ പുഴയുടെ ഓരം ചേർന്ന് കോഴിക്കോട്ടു ജില്ലയിലെ മാവൂർ പ്രദേശത്തിന് അഭിമുഖമായിട്ടാണ് ഈ വിദ്യാലയം നിലകൊള്ളുന്നത്.

## 2. ലക്ഷ്യങ്ങൾ

- **മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ എല്ലാ വിഭാഗം കുട്ടികൾക്കും സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.**
- **അക്കാദമിക്ക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ഉദ്ദേശത്തോടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു.**
- **അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അവ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള സമയക്രമവും സമന്വയിപ്പിച്ച് പ്രവർത്തനകലണ്ടർ തയ്യാറാക്കുന്നു.**
- **കുട്ടികൾക്കും, രക്ഷിതാക്കൾക്കും പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവും രസകരവുമായ വിധത്തിലുള്ള പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.**

BTMO UP SCHOOL
Pin - 673640
ELAMARAM, P.O. VAZHAKKAD



## അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് - ബി.ടി.എം.ഒ.യു.പി. സ്കൂൾ എളമരം
2. വിലാസം - വാഴക്കാട് പി.ഒ, മലപ്പുറം -673640
3. ഫോൺ - 0483-2725355
4. സ്കൂൾ കോഡ് - 18382
5. വിദ്യാഭ്യാസ ഉപജില്ല - കൊണ്ടോട്ടി
6. വിദ്യാഭ്യാസ ജില്ല - മലപ്പുറം
7. റവന്യൂ ജില്ല - മലപ്പുറം
8. ബി.ആർ.സി - ചാലിയപ്പുറം
10. ഗ്രാമപഞ്ചായത്ത് - വാഴക്കാട്
11. ബ്ലോക്ക് പഞ്ചായത്ത് - കൊണ്ടോട്ടി
12. നിയമസഭാമണ്ഡലം - കൊണ്ടോട്ടി
13. ലോകസഭാമണ്ഡലം - മലപ്പുറം
14. താലൂക്ക് - കൊണ്ടോട്ടി
15. വില്ലേജ് - വാഴക്കാട്
16. ഇ-മെയിൽ - upsbtmo1976@gmail.com

## വിദ്യാലയത്തിന്റെ ചരിത്രം

എളമരം യതീംഖാനയിലെ അന്തേവാസികൾക്കായി 1976 ജൂൺ 3-ാം തിയ്യതി എളമരം ബി.ടി.എം.ഒ.യു.പി. സ്കൂൾ ആരംഭിച്ചു. അഞ്ചാം ക്ലാസിൽ 57 കുട്ടികളും 6-ാം ക്ലാസിൽ 52 കുട്ടികളുമായിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്. തൊട്ടടുത്ത വർഷം 7-ാം ക്ലാസും ആരംഭിച്ചു. പിന്നീട് എല്ലാ ക്ലാസും രണ്ടു ഡിവിഷൻ വീതമായി. എളമരം യത്തീംഖാനയിലെ കുട്ടികൾക്ക് പഠിക്കുന്നതിനായി ആരംഭിച്ച ഈ സ്കൂളിൽ ഇന്ന് സമീപ പ്രദേശങ്ങളിലുള്ള കുട്ടികൾ പഠിച്ചു വരുന്നു. ഈ വിദ്യാലയത്തിനടുത്തായി ഒരു എൽ.പി. സ്കൂളും അംഗണവാടിയും പ്രവർത്തിക്കുന്നു. നിരവധി മേഖലകളിൽ പ്രവർത്തിക്കുന്ന നല്ലൊരു വിഭാഗം പൂർവ്വവിദ്യാർത്ഥികൾ ഈ സ്കൂളിന്റെ സംഭാവനയാണ്.

### 4. വിദ്യാലയം- മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സജീവ താൽപര്യത്തോടെ മുഴുവൻ കുട്ടികളും പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, അച്ചടക്കം, സഹാനുഭൂതി, മറ്റുള്ളവരുമായി പങ്കുവെക്കൽ എന്നിങ്ങനെയുള്ള മൂല്യ ങ്ങളും മനോഭാവ ങ്ങളും വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കൽ
- പാർശ്വവൽക്കരിക്കപ്പെടുന്നവർ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- SRG യോഗത്തിൽ ബി.ടി.എം.ഒ.യു.പി. സ്കൂളിലെ വിഷൻ 20 – 20 എന്ന വികസന കാഴ്ചപ്പാട് അവതരണവും ചർച്ചയും
- പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ നടത്തുന്നതിനായി ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരെ ചുമതലപ്പെടുത്തൽ
- നിലവിൽ വാർഷിക പദ്ധതി അക്കാദമികം, ഭൗതീകം, സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് രൂപീകരിച്ചിട്ടുണ്ടെങ്കിലും അടുത്ത അഞ്ചു വർഷത്തേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി അവ വിപുലപ്പെടുത്തി കരട് രൂപരേഖ തയ്യാറാക്കൽ
- പി.ടി.എ എക്സിക്യൂട്ടീവ് യോഗത്തിൽ കരട് രൂപരേഖ അവതരിപ്പിക്കൽ
- പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ

6. നിലവിലെ അവസ്ഥാവിശകലനം

ഭൗതീകം – നേട്ടങ്ങൾ

അടച്ചുറപ്പുള്ള ഇരുനില കോൺക്രീറ്റു കെട്ടിടം സ്കൂളിനുണ്ട്. നല്ലൊരു കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും, ചെറിയരീതിയിൽ ലാബോറട്ടറിയും ഉണ്ട്. രണ്ടു ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി ടൈൽ വിരിച്ചിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളും വൈദ്യുതികരിച്ചതാണ്.

ഭൗതീകം – പരിമിതികൾ

കമ്പ്യൂട്ടർലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ ആവശ്യമുണ്ട്. ഹാളിൽ ക്ലാസ് മുറികൾ വേർത്തിരിക്കുന്നതിന് ഷട്ടറുകൾ ഇടേണ്ടതുണ്ട്. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ആവശ്യമുണ്ട്. ഹൈടെക് സംവിധാനത്തിലേക്കു മാറുന്നതിനായി മറ്റു ക്ലാസ് മുറികളും ടൈൽ ഇടേണ്ടതായിട്ടുണ്ട്.

അക്കാദമികം – നേട്ടങ്ങൾ

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്കാദമിക് ക്ലിനിക് – ഒരു അധ്യാപകൻ രണ്ടോ മൂന്നോ കുട്ടികളെ ഏറ്റെടുത്ത് അവർക്ക് ഉതകുന്ന രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ നൽകുകയും അവരുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തുവരുന്നു.
- പഠനത്തിൽ മിടുക്കരായവർക്ക് 'smart student' കോച്ചിംഗ് ക്ലാസുകൾ.
- വിവിധ ക്ലാസുകൾ, സുഹാന ഭാഷാ ക്ലബ് എന്നിവ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഭാഷാ അസംബ്ലികൾ മാറിമാറി നടത്തുന്നു.
- സ്കൗട്ട്, ജെ.ആർ.സി യൂണിറ്റുകൾ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- വീട്ടകത്തൊരു ക്ലാസ് പി.ടി.എ – കുട്ടികളുടെ പഠനകാര്യങ്ങൾ അദ്ധ്യാപകർ വീട്ടിലെത്തി രക്ഷിതാ വുമായി പങ്കുവെക്കുന്നു.
- ക്ലാസ് ലൈബ്രറികൾ സജീവമാണ്.
- രസകുടുക്ക – സെൻട്രൽ ലൈബ്രറി
- രസകുടുക്ക മാതൃലൈബ്രറി എന്ന പേരിൽ അമ്മമാർക്കും ലൈബ്രറിയിൽ അംഗത്വം നൽകിവരുന്നു.
- നമ്മകൂട്ട്, കുട്ടപ്പച്ചക്കറി കൃഷി– കുട്ടികളും അധ്യാപകരും ചേർന്ന് നടത്തിവരുന്നു.
- പൊതു വിജ്ഞാനസദസ്സ്– ജനറൽ ക്വിസ് പ്രോഗ്രാം എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ നടത്തുന്നു.
- സ്കൂൾതല, ക്ലാസ്തല സാഹിത്യസമാജങ്ങൾ
- മാസ്ഡ്രിൽ– എല്ലാ ശനിയാഴ്ചകളിലും.

അക്കാദമികം – പരിമിതികൾ

കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് അനിവാര്യമാണ്. രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണ കുട്ടികളുടെ പഠനകാര്യങ്ങളിൽ ആവശ്യമാണ്. ലൈബ്രറികൾ, ലബോറട്ടറികൾ ആധുനീകവൽക്കരിക്കണം.

# <u>ബി.ടി. എം.ഒ യുപി സ്കൂൾ വിഷൻ 20–20 ഒറ്റനോട്ടത്തിൽ</u>

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| • ഭാഷാപഠന പരിപോഷണം ✓<br>• ഗണിതം, ലളിതം ✓<br>• Sweet English ✓<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• നല്ല വായന- വായന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• പരീക്ഷണ ശാല ആധുനീകവൽക്കരിക്കൽ<br>• Smart student- പ്രതിഭാപോഷണ പരിപാടി ✓<br>• സാഹിത്യ സമാജങ്ങൾ<br>• പഠനയാത്രകൾ<br>• കലാ- കായിക മേളകൾ<br>• ശാസ്ത്രോത്സവം, ഗണിതോത്സവം<br>• ദിനാചരണങ്ങൾ<br>• സെമിനാറുകൾ, ശിൽപശാ ലകൾ<br>• കലാ- കായിക- പ്രവർത്തി പരിചയ പഠനം<br>• പോഷകാഹാര പരിപാടി<br>• അധ്യാപക പരിശീലനങ്ങൾ<br>• ക്ലാസ് പി.ടി.എ ശാക്തീകരണം<br>• അക്കാദമിക് ക്ലിനിക്- പിന്നാക്ക പഠന ക്ലാസുകൾ ✓<br>• ഗണിത ലാബ് - ഗണിതാന്ത രീക്ഷമൊരുക്കൽ<br>• സ്കൂൾ തല പത്രം/മാസിക ✓ | • ~~ക്ലാസ് മുറികൾ ടൈൽ ഇടൽ~~<br>• കളിസ്ഥലം<br>• ജൈവവൈവിധ്യ പാർക്ക്<br>• മാലിന്യ സംസ്ക്കരണം<br>• പച്ചക്കറിത്തോട്ടം<br>• പൂന്തോട്ടം<br>• ശിശുസൗഹൃദ ടോയ്ലറ്റുകൾ<br>• ജന്മദിന സമ്മാനം 'എന്റെ ക്ലാസിന് എന്റെവിദ്യാല യത്തിന്'<br>• ക്ലീൻ കാമ്പസ്- പരിസര ശുചീകരണം<br>• കുടിവെള്ള വിതരണം<br>• ആധുനിക ലൈബ്രറി<br>• കലാ- പ്രവർത്തി പരിചയ പഠനം - പ്രാക്ടിക്കൽ ഹാൾ.<br>• മാലിന്യ സം~~സ്ക്കരണ പ്ലാന്റ്~~ | • പി.ടി.എ ശാക്തീകരണം<br>• 'വീടറിയാൻ - കുട്ടിയെ അറിയാൻ' - ഗൃഹ സന്ദർശനം<br>• വിദ്യാലയ വികസന സമിതി<br>• 'BOSA' - പൂർവ്വ വിദ്യാർത്ഥി സംഘടന<br>• ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ പ്രവർത്തകർ<br>• വിദ്യഭ്യാസ പ്രവർത്തകർ<br>• 'വീട്ടകത്തൊരു ക്ലാസ് പി.ടി.എ'<br>• മാതൃ~~ലൈബ്രറി~~- വിദ്യാലയ വിഭവങ്ങൾ-പൊതുസമൂഹത്തിലേക്ക്<br>• തൊഴിൽ പരിശീലനം അമ്മമാർക്ക് |

പദ്ധതി വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

മേഖല - അക്കാദമികം

പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. സാമ്പത്തിക വിശകലനം | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകാൻ , ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതലകൾ നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷിനേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നവയിൽ നിന്നും വ്യത്യസ്ഥമായ വ്യവഹാര നിലത്തിലേക്ക് മാറ്റി എഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക.<br>ഉദ:-skit,conversation,drama etc. | പ്രതിമാസ പരിപാടി | HM<br>ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനനടത്താനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>eg:-<br>june -Mansoon<br>july -Pepulation<br>augast -Freedom<br>september -Onam. | പ്രതിമാസ പരിപാടി | HM<br>ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖ ല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യവകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും , എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധികാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം | P.T.A പ്രസിഡന്റ് H.M | |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുതൽ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവിണ്യം നേടൽ. | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി. | ക്ലാസ് ക്ലബ്ബ് | |

പ്രവർത്തനം 8

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കുന്നു | | ക്ലാസ് ക്ലബ്ബ് | |

പ്രവർത്തനം 1

പേര് : ഹിന്ദി അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഹിന്ദി സംസാരികാനുള്ളകഴിവ് വികസിപ്പിക്കാൻ വേണ്ടി. | മാസത്തിൽ ഒരിക്കൽ എല്ലാ ക്ലാസുകൾക്കും ഹിന്ദിയിൽ അസംബ്ലി നടത്താൻ അവസരം കൊടുക്കുകയും മുഴുവൻ പ്രവർത്തനവും ഹിന്ദിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 2

പേര് : ഹിന്ദി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനുള്ള അവസരം | എല്ലാ ക്ലാസിലും എടുക്കുന്ന ഭാഗം ആദ്യം അധ്യാപകൻ വായിച്ച് പരിചയപ്പെടുത്തിയ ശേഷം കുട്ടികൾ അധ്യാപകനു വായിച്ച് കൊടുത്ത് ഒപ്പ് വാങ്ങുക | പിരിഡിന്റെ അവസാന ഭാഗം & ഒഴിവ് സമയങ്ങളിൽ | ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 3

പേര് : ഗ്രാമർ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ എളുപ്പമാക്കുക. | ഓരോ ക്ലാസിലും കുട്ടികളുടെ ക്ലാസിന് അനുസരിച്ച് ഗ്രാമർ പഠനം നൽകുക. പാഠപുസ്തകത്തിൽ ഉള്ളതിന് പുറമെ മറ്റു ഗ്രാമർ ഭാഗങ്ങളും നൽകുന്നു. | പിരിഡ് സമയം | ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 4

പേര് : സംഖ്യാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും എണ്ണം പഠിക്കുക | V -ാംക്ലാസിൽ 25 ഉം<br>VI- ാം ക്ലാസിൽ 50 ഉം<br>VII- ാംക്ലാസിൽ 100 ഉം<br>വരെയുള്ള എണ്ണങ്ങൾ കുട്ടികൾക്ക് എഴുതി നൽകി പഠിക്കാൻ അവസരം നൽകുന്നു. | ഒരു വർഷ കാലയളവിൽ<br>&<br>ഹോം വർക്ക് | ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 5

പേര് : വർണ പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ വായനയും എഴുത്തും എളുപ്പമാക്കാൻ | V–ാം ക്ലാസ് മുതൽ ആണ് ഹിന്ദി പഠനം തുടങ്ങുന്നത്. ഈ കുട്ടികൾക്ക് വായനക്കും എഴുത്തിനും അക്ഷരം നിർബന്ധമാണ്. ആയത് കൊണ്ട് അതിക സമയം കണ്ടെത്തി അക്ഷരം പഠിക്കാൻ അവസരം നൽകുന്നു. | ഒഴിവ് സമയങ്ങളിൽ<br>&<br>ഹോം വർക്ക് | വിദ്യാർത്ഥികൾ | |

പ്രവർത്തനം 6

പേര് : ചിഹ്നം പരിചയപെടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ വായനക്കും എഴുത്തിനും വേണ്ടി | പുതുതായി എത്തിയ കുട്ടികൾക്ക് ഭാഷാ പഠനത്തിന് വേണ്ടി ചിഹ്നങ്ങൾ പരിചയപ്പെടുത്തി പഠിക്കാൻ അവസരം നൽകുന്നു | പിരിഡ് അല്ലാത്ത സമയങ്ങളിൽ<br>&<br>ഹോം വർക്ക് | ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 7

പേര് : രാഷ്ട്ര ഭാഷാ ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ തലത്തിൽ ഭാഷാ പരിചയം | ഹിന്ദിയിൽ പ്രാധാന്യം നൽകുന്ന ദിനങ്ങളുടെ ആഘോഷവും , പരിപാടിയും സ്കൂൾ തലത്തിൽ ചെയ്യുക | അതാത് സമയങ്ങളിൽ | ക്ലബ് അംഗങ്ങൾ & ഭാഷാ അധ്യാപകൻ | |

പ്രവർത്തനം 8

പേര് : കവിപരിചയ പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെ പറ്റിയുള്ള പരിജയപ്പെടൽ | ഹിന്ദിയിൽ അതാത് ക്ലാസിൽ നിന്നും പരിചയപ്പെടുന്ന കവികളുടെ ഫോട്ടോയും ജീവചരിത്രവും ഒരു ബുക്കിൽ മാഗസിന്റെ രീതിയിൽ ചെയ്യുക. 5, 6, 7 ക്ലാസുകളിൽ വർഷാവസാനം അധ്യാപകനെ കാണിക്കുക | പഠനവർഷം | വിദ്യാർത്ഥി | |

പ്രവർത്തനം 9

പേര് : പതിപ്പ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണ കഴിവ്, ഭാഷാ പഠനം, രചന കഴിവ് | ക്ലാസിൽ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപെടുത്തി അവരുടെ കഴിവുകൾ ഒരു കുടകീഴിൽ ഒരുമിച്ച് കൂട്ടുക | ഒരു വർഷ കാലത്തേ പഠനസമയം | വിദ്യാർത്ഥികൾ | |

പ്രവർത്തനം 10

പേര് : ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഫിലിം ഫെസ്റ്റിവൽ | ICTയുടെ ഭാഗമായി കുട്ടികളുമായി ബന്ധമുള്ള ഹിന്ദി ഫിലിമുകളുടെ ശേഖരം കണ്ടെത്തി ഒരാഴ്ച മുഴുവൻ ക്ലാസുകൾക്കും കാണാൻ അവസരം ഉണ്ടാക്കുക. | ഒരാഴ്ച & പ്രത്യേക ഒഴിവു സമയം. | ഭാഷാ അധ്യാപകൻ | |

പേര് : കൂട്ടക്ഷരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ കൂട്ടക്ഷര പദ്ധതി മലയാളത്തിളക്കം | 1. പ്രീടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>2. പ്രത്യേക മൊഡ്യൂൾ അനുസരിച്ച് പുസ്തകം തയ്യാറാക്കുന്നു<br>3. അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.<br>4. കാർഡുകളിലൂടെ വാക്കുകൾ പഠിക്കുന്നു.<br>5. ചിത്രത്തിന് അടിക്കുറിപ്പുകൾ പറയിപ്പിക്കുന്നു, എഴുതിപ്പിക്കുന്നു.<br>6. ICT സാധ്യതകൾ ഉപയോഗിച്ച് പഠനം.<br>7 CD കൾ പ്രദർശനം - പറയാനും, എഴുതാനും, അവസരങ്ങൾ നൽകുന്നു. | രണ്ട് മാസക്കാലം | പുസ്തകം, CD | ക്ലാസ് അധ്യാപകർ, BRC |

പേര് : രസക്കുടുക്ക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരാക്കുക. വായനയുടെ ലോകത്തേക്ക് കുട്ടികളെ നയിക്കുവാൻരക്ഷിതാക്ക ൾക്കും അവസരം,അമ്മവായന. പുസ്തകങ്ങളെ ശരിയായ രീതിയിൽ അടുക്കിവയ്ക്കുവാനുള്ളസജീകരണം. മലയാള ഭാഷാ അസംബ്ലി | 1. ഓരോ ക്ലാസിലേക്കും ഓരോ പത്രം നൽകി പത്രവായന പ്രോത്സാഹിപ്പിക്കൽ<br>2. ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>3. ഓരോ ക്ലാസിലും കുട്ടിയുടെ റോൾനമ്പർ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ ശേഖരിക്കുക.<br>4. ലൈബ്രറിയലേക്ക് (സ്കൂൾ) പുസ്തകങ്ങൾ സംഭാവന.<br>5. രക്ഷിതാക്കൾക്കും അംഗത്വം.<br>6. വായനാക്കുറിപ്പ് പുസ്തകം നിർമ്മിക്കൽ.<br>7. ചിട്ടയോട്കൂടി പുസ്തകങ്ങളെ പരിപാലിക്കൽ.<br>8. ഇ-വായനയ്ക്ക് അവസരം നൽകൽ.<br>9. വിക്കിപീഡിയ പരിചയപ്പെ ടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കുവാനുള്ള നൈപുണി | ഒരു വർഷം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | സ്കൂൾ മാനേജ്മെന്റ് BRC,PTA |

പേര് : സ്കൂൾ ഗ്യാലറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടികൾക്ക് സാഹിത്യ സാംസ്കാരിക മഹത് വ്യക്തിത്വങ്ങളെ പരിചയപ്പെടൽ , സംഭാവനകളെ പരിചയപ്പെടൽ | 1 . ക്ലബ് രൂപീകരിക്കൽ<br>2. ഗ്യാലറി തയ്യാറാക്കാനുള്ള മുറി സജ്ജീകരിക്കൽ.<br>3. ചർച്ച- ആശയ രൂപീകരണം.<br>4. ചിത്രങ്ങൾ, മഹത് വചനക്കുറിപ്പുകൾ, പുസ്തകങ്ങൾ, ക്ലാസിക് കഥകൾ, കവിതകൾ പ്രദർശിപ്പിക്കൽ<br>5.സൂക്ഷ്മതയോടെ സംരക്ഷിക്കൽ.<br>6. വ്യക്തികളുടെയും പ്രധാനപ്പെട്ട സ്ഥലങ്ങളുടെയും എല്ലാം CDകൾ പ്രദർശിപ്പിക്കൽ.<br>7. ശബ്ദരേഖകൾ ശേഖരിക്കൽ.<br>8. ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.<br>9. വായന, എഴുത്ത്, ശിൽപശാലകൾ സംഘടിപ്പിക്കൽ. | ദീർഘ കാലത്തേക്ക് | ക്ലാസ് മുറി, കമ്പ്യൂട്ടർ പ്രൊജക്ടർ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ, ഷെൽഫുകൾ | മാനേജ്മെന്റ്<br>ക്ലബ്<br>വിദ്യാരംഗം<br>PTA<br>പൂർവ്വവിദ്യാർത്ഥികൾ<br>സാമൂഹിക സംഘടനകൾ |

പേര് : കേളീസംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| കുട്ടികളിൽ ഭാഷാ വികസനത്തിന് ഉള്ള അടിസ്ഥാനമാർഗ്ഗങ്ങൾ. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രചോദനമേകാൻ. സംസ്കൃത വാരാഘോഷത്തിലേക്ക് ആവശ്യം. | ഓർമ്മ പരിശോധന.<br>സംഖ്യാക്രീഡ<br>അക്ഷരകൂടാരം.<br>പദകേളി.<br>ചിത്ര പദകോശം.<br>കലണ്ടർ നിർമ്മാണം.<br>സംസ്കൃത ഗാനാലാപനം. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | 5<br>6<br>7 | സംസ്കൃത അധ്യാപിക |

പേര് : അനുദിനം അമരവാണി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സഭാകമ്പമില്ലാതെ അവതരിപ്പിക്കാനുള്ള ശേഷി ഉണ്ടാക്കിയെടുക്കൽ. സംസ്കൃതജ്ഞാനം | സംസ്കൃതാവതരണം സൃഷ്ടിക്കൽ.<br>സംസ്കൃതം പറയാനും കേൾക്കാനുമുള്ള അവസരങ്ങൾ<br>പാഠഭാഗങ്ങളുടെ അവതരണം<br>ലഘുവായ പഠന തന്ത്രങ്ങളുടെ ആവിഷ്ക്കാരം<br>ഉചിതമായ പ്രോത്സാഹനം | എല്ലാമാസവും | 5<br>6<br>7 | സംസ്കൃത ക്ലബ് |

പേര് : വാർത്താ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| വാർത്താവായന പരിജ്ഞാനം. വാർത്താ പ്രസിദ്ധീകരണ പാടവം | വാർത്താ സംസ്കൃതം.<br>സംസ്കൃത വാർത്ത കേൾക്കാനും കാണാനുമുള്ള അവസരങ്ങൾ<br>വാർത്താ വായന പരിശീലനം.<br>സ്കൂൾ റേഡിയോയിൽ വാർ ത്തവായന. സംസ്കൃത ഭാഷയിൽ തന്നെ<br>അസംബ്ലി. വാർത്താ പത്ര നിർമ്മാണം.<br>മാസിക നിർമ്മാണം. | എല്ലാമാസവും | 5<br>6<br>7 | സംസ്കൃത ക്ലബ് |

പേര് : സാങ്കേതിക സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സംസ്കൃത ഭാഷയിലെ ICTസാധ്യത. സാങ്കേതിക വിജ്ഞാനം ആർജിക്കൽ. | സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്കൃത പഠനം. | എല്ലാമാസവും | 5<br>6<br>7 | സംസ്കൃത ക്ലബ്<br>IT |
| | ടൈപ്പിങ്. | വർഷത്തിൽ രണ്ട് തവണ | | |
| | സ്ലൈഡ് നിർമ്മാണം. | | | |
| | ഗാനം - റെക്കോർഡിങ്. | | | |
| | വീഡിയോ നിർമ്മാണം. | | | |
| | ഉത്പന്നങ്ങളുടെ പ്രദർശനം. | മൊഡ്യൂൾ അനുസരിച്ച്. | | |
| | സംസ്കൃത പാഠഭാഗങ്ങൾ ICT യിലൂടെ | | | |

പേര് : കായിക സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സംസ്കൃത ഭാഷയിലൂടെ കായികപരമായ അറിവുകൾ നേടൽ. സംസ്കൃത പഠനം കളികളിലൂടെ. | സംസ്കൃത ഭാഷാ കളികൾ. | എല്ലാ മാസവും ഒരു തവണ | 5<br>6<br>7 | സംസ്കൃത ക്ലബ് |
| | കായികമായ അറിവുകൾ നേടൽ. | | | |
| | കളികൾക്കിടയിൽ സംസ്കൃത സംഭാഷണം. | | | |
| | കളിസംഘ രൂപീകരണം, നാമകരണം. | | | |
| | കളിപരിജ്ഞാനം | | | |
| | | | | |

പേര് : സർഗവാണി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സർഗ്ഗ ശേഷി വികസനം. ഭാഷയെ പരിപോഷിപ്പിക്കൽ. സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കൽ. | കഥ, കവിത, രചന പരിശീലനം. | വർഷത്തിൽ രണ്ട് തവണ. | 5<br>6<br>7 | സംസ്കൃത ക്ലബ്<br>P.T.A |
| | സമ്പുട നിർമ്മാണം. | | | |
| | കഥകളും കവിതകളും കേൾക്കാനുള്ള അവസരം. | | | |
| | കവി - കഥാകാരനെ ആദരിക്കൽ | | | |
| | | | | |
| | | | | |

പേര് : കാർഷിക സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സംസ്കൃത ഭാഷയിലൂടെ കൃഷിവിജ്ഞാനം സാധ്യമാക്കുക. | ശാകോദ്യാനം<br>പുഷ്പോദ്യാനം.<br>നടലും, പരിപാലനവും.<br>നാമപത്രിക സ്ഥാപിക്കൽ. | വർഷത്തിൽ രണ്ട് തവണ. | 5<br>6<br>7 | സംസ്കൃത ക്ലബ്<br>ഹരിത ക്ലബ്. |

പേര് : പ്രദർശനി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| ശേഖരണ പാടവം.<br>പ്രദർശന പാടവം.<br>ഭാഷാ വികാസം. | പച്ചക്കറി, പഴം, പൂക്കൾ. ചിത്രങ്ങളും പേരുകളും.<br>നിത്യോപയോഗ വസ്തുക്കളുടെ ശേഖരണവും സംസ്കൃത നാമങ്ങളും<br>പുരാവസ്തു പ്രദർശനം.<br>പേരുകൾ സംസ്കൃതത്തിൽ എഴുതി സ്ഥാപിക്കൽ.<br>ശബ്ദ കോശ നിർമാണം. | വർഷത്തിൽ ഒരു തവണ | 5<br>6<br>7 | സംസ്കൃത ക്ലബ്<br>P.T.A |

പേര് : സംസ്കൃത യാത്ര.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| യാത്ര പഠനം.<br>ചരിത്രപരമായ അറിവ് നേടൽ.<br>പ്രശസ്ഥരായവരെക്കുറിച്ച് കൂടുതൽ അറിയാൻ. | കലാ കേന്ദ്ര സന്ദർശനം.<br>ഗൃഹ സന്ദർശനം.<br>കവി - മഹാന്മാർ തുടങ്ങിയവരുടെ സ്മാരകങ്ങൾ, സ്ഥാപനങ്ങൾ സന്ദർശനം.<br>സംസ്കൃത ഗ്രാമത്തിലേക്ക് പഠനയാത്ര. | വർഷത്തിൽ ഒരു തവണ | 5<br>6<br>7 | സംസ്കൃത ക്ലബ്<br>P.T.A |

പേര് : കലാ പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| കലാപരമായ അറിവ്നേടൽ. പാഠ്യേതര പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകൽ. കലാ കളരികൾ സംഘടിപ്പിക്കൽ.കലാഭിരുചിയുള്ള കുട്ടികൾക്ക് കഴിവുകൾ വർദ്ധിപ്പിക്കാനുള്ള അവസരം. | സംസ്കൃത ഭാഷാ പരിജ്ഞാനം.<br>നാടക രചന - അഭിനയ പരിശീലനം.<br>കേരളീയ കലകളെക്കുറിച്ച് വിദഗ്ദ്ധരുടെ ക്ലാസുകൾ. | വർഷത്തിൽ ഒരു തവണ | 5<br>6<br>7 | സംസ്കൃത ക്ലബ്<br>വിദ്യാരംഗം.<br>P.T.A |
| | സംഗീത പരിശീലനം<br>കലാമേള ഇനങ്ങളുടെ പരിശീലനം - അവതരണം. | എല്ലാ ആഴ്ചകളിലും. | | |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് നവീകരിക്കൽ.

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം.

ലക്ഷ്യം : ശാസ്ത്രലാബിനെ നവീകരിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ നവീകരിക്കൽ. | സയൻസ് ലാബിലെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ. ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് മാനേജ്മെന്റ് | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ [Field trip]

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം.

ലക്ഷ്യം : ശാസ്ത്രപഠനം രസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ. മെഡിക്കൽ പ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ. പ്ലാനറ്റോറിയം സന്ദർശനം. | പ്രതിവർഷം 3 യാത്രകൾ. | സയൻസ്സ് ക്ലബ്ബ്. പി.ടി.എ | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ. | സ്കൂൾ ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം. | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രമാജിക്

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രസഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒരു തവണ. | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്.

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും ശാസ്ത്ര വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും. | ശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനംകൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യ പ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 5000/- (P.T.A) |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | മാസത്തിൽ ഒരു തവണ. | S.R.G | 20000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപികരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ ഒരു തവണ. | S.R.G | 10000/- S.D.C |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : മോക് പാർലമെന്റ്

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങളെ വളർത്തിയെടുക്കൽ. | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളക ളിൽ മോക് പാർലമെന്റ് സംഘടി പ്പിക്കൽ. | 1. കർഷക സമ്മേളനം. 2. തുലാവർഷ സമ്മേളനം 3. ഓണക്കാല സമ്മേളനം 4. ക്രിസ്തുമസ് സമ്മേളനം 5. വേനൽക്കാല സമ്മേളനം | S.R.G സ്ക്കൂൾ പാർലമെന്റ് | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ.

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്രത്തി ന്റെ വിശാലമായഭൂമിക യിലേക്ക് പ്രവേശിക്കൽ. | അധികവായനക്ക് ഉപകരിക്കുന്ന പുസ് തകങ്ങൾ, അറ്റ്ലസുകൾ, ഇയർബു ക്കുകൾ, എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് | 5000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേ റ്റ് ചെയ്യൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥി കൾക്ക് വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപി ക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് | 10000/- P.T.A |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | സാമ്പത്തികം |
|---|---|---|---|---|
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള - സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടങ്ങളിലൂടെ ഉറപ്പു വരുത്തുക.<br>ഭാഷാ പഠന നേട്ടത്തിൽ ഐ ടി സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br>സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക. | A) മികവിന്റെ വഴിയിൽ<br>1. പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക. .<br>2. മുന്നറിവ് പരിശോധിക്കൽ.<br>3. വാചകങ്ങൾ നിർമ്മിക്കൽ.<br>4. ഭാഷാ കളികൾ. | 2 Months | പുസ്തകങ്ങൾ,<br>വർക്ക്ഷീറ്റുകൾ<br>സീഡികൾ | BRC<br>LSG<br>SMC<br>PTA |
| | ആ) വായനാ വസന്തം<br>1. വായനാ മത്സരം.<br>2. ക്ലാസ് ലൈബ്രറി.<br>3. വാട്സ് ആപ്പ് ഗ്രൂപ്പ് (ഇ - വായന)<br>4. വായനാ കുറിപ്പുകൾ<br>5. അറബിക് പത്രം വായന | 6 Months | പത്രങ്ങൾ ,<br>മാഗസിനുകൾ,<br>പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി | |
| | ഇ) എഴുത്തുത്സവം<br>1. എഴുത്തു കൂട്ടം.<br>2. പതിപ്പ് നിർമ്മാണം.<br>3. വായനാ കുറിപ്പ് ശേഖരം<br>4. ഇൻലന്റ് മാഗസിൻ<br>5. ചുമർ പത്രങ്ങൾ.<br>6. പോസ്റ്ററുകൾ.<br>7. ഭാഷാ കളികൾ. | 12 Months | | |
| | ഉ) അറബിക് കമ്മ്യൂണി ക്കേഷൻ<br>1. ആശയ വിനിമയ വേദി.<br>2. ക്ലാസ് തലം<br>3. സ്കൂൾ തലം.<br>4. മൊബൈൽ ലിസണിംങ് സ്പീക്കിംഗ്.<br>ഊ) അറബിക് മേള | | അസംബ്ലി,<br>ചാർട്ടുകൾ,<br>പത്രങ്ങൾ | |
| | 1. (നാടകം, മോണോആക്ട്, പ്രസംഗം, സംഭാഷണം).<br>2. ഭാഷാ കളികൾ<br>3. അറബിക് അസംബ്ലി.<br>4. ഭാഷാ പ്രദർശനം<br>എ) ലാംഗേജ് ലാബ്. | 24 Months | | BRC |
| | 1. സ്മാർട്ട് ക്ലാസ് റൂം.<br>2. അറബിക് ഭാഷാ സാഹിത്യ ശേഖരം.<br>3. ചിത്രികരണങ്ങൾ<br>4. ആനിമേഷൻ | 36 Months | ഐ. സി .ടി.<br>പുസ്തകങ്ങൾ | BRC<br>LSG<br>SMC<br>OSF |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : പൂന്തോട്ട നിർമ്മാണം (ബഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ് എന്നിവയിലൂടെ പുതിയ ഇനം ചെടിനിർമിക്കുന്നു )

മേഖല / ഉപമേഖല : അക്കാദമികം / പ്രവർത്തിപരിചയം.

| ലക്ഷ്യം . | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭംഗിയുള്ള ഒരു കാമ്പസ് ഒരുക്കുക. | പൂന്തോട്ടം നിർമ്മിക്കാനാവശ്യമായ ചെടി നട്ട് സംരക്ഷിക്കുന്നു. അതിനാവശ്യമായ ജൈവവളം , ജൈവ കീടനാശിനി നിർമ്മാണം. ബഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ് എന്നിവ പ്രവർത്തനത്തിലൂടെ പഠിക്കുന്നു. ഇതിന്റെ ഭാഗമായി പുതിയ ഇനം ചെടികൾ നിർമ്മിച്ച് പരിപാലിക്കുന്നു. | ഒരുവർഷം. | WE Tr/ ഹരിതക്ലബ്. SRG | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ജൈവ പച്ചക്കറി നിർമ്മാണം.

മേഖല / ഉപമേഖല : അക്കാദമികം / പ്രവർത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിനാവശ്യമായ പച്ചക്കറികൾ സ്വന്തമായി നിർമ്മിക്കുന്നു. | കാർഷിക സംസ്കൃതിയെ വീണ്ടെടുക്കാനായി സ്കൂളന്റെ സ്വകാര്യപ്രദമായ സ്ഥലത്ത് പച്ചക്കറി തോട്ടം നിർമ്മിക്കുന്നു. പരിപാലനം, ജൈവവളം, ജൈവ കീടനാശിനി എന്നിവ നിർമ്മിക്കുന്നു. അതിന്റെ ഉപയോഗം എന്നിവ പഠിക്കുന്നു. | ഒരുവർഷം. | | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഔഷധ സസ്യ തോട്ട നിർമ്മാണം.

മേഖല / ഉപമേഖല : അക്കാദമികം / പ്രവർത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയുക. **ഔഷധസസ്യങ്ങൾ തിരിച്ചറിയൽ .** | സ്കൂളിലെ സൗകര്യ പ്രദമായ സ്ഥലത്ത് ഔഷധ സസ്യ തോട്ടം നിർമ്മിക്കുന്നു. അത് പരിപാലിക്കുന്നു. ഓരോ തരം ഔഷധ സസ്യങ്ങളെയും തിരിച്ചറിയുന്നു. അതിന്റെ ഗുണങ്ങൾ ഏതെന്ന് പഠിക്കുന്നു. | | അധ്യാപകൻ WE | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്ക്കരണം.

മേഖല / ഉപമേഖല : അക്കാദമികം / പ്രവർത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള സ്കൂൾ പരിസരവും അന്തരീക്ഷവും ഒരുക്കൽ. | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും തിരിച്ചറിയൽ അത് സംസ്കരിക്കൽ, പൈപ്പ് കമ്പോസ്റ്റ് പോലുള്ള പ്രവർത്തനം ജൈവവള നിർമ്മണം എന്നിവ പഠിക്കുന്നു, നിർമ്മിക്കുന്നു. | | | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.

മേഖല / ഉപമേഖല : അക്കാദമികം / പ്രവർത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജമാക്കിമാറ്റി സ്കൂളിനാവശ്യമായ പാചകവാതകം നിർമ്മിക്കുക. | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകത്തിനാവശ്യമുള്ള ഊർജമ കണ്ടെത്തുന്നു. | 6 മാസം | | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : വിവിധ തരത്തിലുള്ള തൊഴിൽ പരിശീലനം (കുട നിർമ്മാണം, എംപ്രോയിഡറി, വെജിറ്റബിൾ പ്രിന്റ്, ഫാബ്രിക് പെയിന്റ്, ചോക് നിർമ്മാണം, പൂക്കൾ നിർമ്മാണം, ക്യാരി ബാഗ് നിർമ്മാണം, പേപ്പർ പേന, സോപ്പ് നിർമ്മാണം )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു കുട്ടി സ്വന്തമായി ഒരു കൈതൊഴിലെങ്കിലും പഠിക്കുക. | ആഴ്ച്ചയിൽ ഒരിക്കൽ ഏതങ്കിലും ഒരു പ്രവർത്തനത്തെ ആശ്രയമാക്കി ഒരു കൈതൊഴിൽ പരിശീലിപ്പിക്കുന്നു | 1 വർഷം. | | |

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്കുള്ള തൊഴിൽ പരിശീലനം (കുട നിർമ്മാണം, എംബ്രോയിഡറി, വെജിറ്റബിൾ പ്രിന്റ്, ഫാബ്രിക് പെയിന്റ്, പൂക്കൾ നിർമ്മാണം, പേപ്പർ ക്യാരി ബാഗ് നിർമ്മാണം, ടൈലറിംഗ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കൾക്കൊരു സ്വയം തൊഴിൽ പരിശീലനം നൽകുക. | മാസത്തിൽ ഒരിക്കൽ ഏതെങ്കിലും ഒരു പ്രവർത്തനത്തെ ആസ്പദമാക്കി ഒരു കൈതൊഴിൽ പരിശീലിപ്പുക്കുന്നു. | 1 വർഷം. | | |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശിൽപശാല.

മേഖല / ഉപമേഖല : അക്കാദമികം /വിവിധവിഷയങ്ങളിലെ പഠന പ്രവർത്തനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഒറിഗാമിയിലൂടെ വിവിധ വിഷയങ്ങളിലുള്ള പഠന പ്രവർത്തനം ചെയ്യുക. | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഒറിഗാമി രൂപങ്ങൾ നിർമ്മിക്കാൻ പഠിക്കുന്നു.<br>(ഗണിതം, പ്രവർത്തി പരിചയം) | 1 വർഷം. | | |

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : ലൈബ്രറി നവീകരണം

മേഖല / ഉപമേഖല : പ്രവർത്തി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി പുസ്തകങ്ങളുടെ അറ്റകുറ്റപണി തീർത്ത് വൃത്തിയുള്ള പുസ്തകമാക്കി മാറ്റൽ | കേടുവന്ന ലൈബ്രറി നവീകരിക്കുന്ന പ്രവർത്തനം എന്ന നിലയിൽ ബുക്ക് ബൈഡിംഗ് ചെയ്ത് പുറം ചട്ട വൃത്തിയാക്കുന്നു. | | | |

പ്രവർത്തനം 10

പ്രവർത്തനത്തിന്റെ പേര് : ലഘു ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം (സ്ക്വാഷ്, ജാമ് അച്ചാർ എന്നിവ നിർമ്മാണം)

മേഖല / ഉപമേഖല : പ്രവർത്തി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഘു ഭക്ഷണ പദാർത്ഥങ്ങൾ സ്വന്തമായി നിർമ്മിക്കുന്നു. | ആഘോഷവേളകളിൽ ഉപയോഗിക്കുന്ന സ്ക്വാഷ്, ജാമ് എന്നിവ നിർമ്മിക്കുന്നു. ലഘു ഭക്ഷണ പദാർത്ഥങ്ങൾ സ്വന്തമായി നിർമ്മിക്കാൻ കഴിയുന്നു. അച്ചാർ, ഇലത്തോരൻ എന്നിവ നിർമ്മിക്കാൻ പഠിപ്പിക്കുന്നു. | 6 മാസം | | |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

മേഖല / ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം ദിനങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കൽ | ഒരു അധ്യായന വർഷാരംഭം മുതൽ അവസാനം വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ടപ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ഹ്രസ്വ കാലം | എസ്.ആർ.ജി | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : 'Smart student' പ്രതിഭാപോഷണ പരിപാടി

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക്വിദഗ്ധ പരിശീലനവും ക്ലാസുകളുംനൽകൽ | എസ്.എസ്, ന്യൂമാത്സ്, മറ്റു സ്കോളർഷിപ്പുകൾ എന്നിവക്കായി പഠനത്തിൽ മുന്നാക്കം നിൽക്കുന്നന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ. | ദീർഘകാലം (അവധി ദിനങ്ങളിൽ) | എസ്.ആർ.ജി, എസ്.എസ്.ജി | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം

മേഖല / ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് നൽകുന്നു. ലഘു ഭക്ഷണം നൽകുന്നു. | ആഴ്ചയിൽ 3 ദിവസം | കായിക അധ്യാപകൻ | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : കായിക പ്രതിഭകളെ ആദരിക്കൽ

മേഖല / ഉപമേഖല : അക്കാദമികം /കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ. | സ്കൂൾ തലം, പഞ്ചായത്തു തലം, ഉപജില്ല തലം, സംസ്ഥാന തലം | ഓരോ തലത്തിലെയും മത്സരങ്ങൾക്കു ശേഷം. | എച്ച്. എം പി.ടി.എ | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : മെഡിക്കൽ ക്യാമ്പ്

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും, രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തൽ | വർഷത്തിൽ ഒന്ന് | എച്ച്. എം പി.ടി.എ | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ, കുട്ടികളുടെ അവതരണം, പൊതുചർച്ച | പ്രതിമാസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : ഉച്ചഭക്ഷണ വിതരണം (പോഷകാഹാരം)

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്. എം പി.ടി.എ | |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ പങ്കാളികളാക്കുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ | |

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ പത്രം/മാസിക

മേഖല / ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ , രചന വൈഭവം പോഷിപ്പിക്കുന്നതിന് | ഓരോ ക്ലാസും മാസത്തിൽ ഒരു തവണ സ്കൂൾ തല പത്രം / മാസിക നിർമ്മിക്കുന്നു. സ്കൂൾ സംബന്ധമായ വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്നു. കുട്ടികളുടെ രചനകൾ പ്രസിദ്ധപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് | വിദ്യാരംഗം അംഗങ്ങൾ ഓരോ ക്ലാസിലെയും, ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ | |

## മേഖല - ഭൗതീകം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല / ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുന്നു | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ (ഊട്ടുപുര)

മേഖല / ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം, ആരോഗ്യം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം (ദീർഘകാലം) | മാനേജ്മെന്റ് പൂർവ്വ വിദ്യാർത്ഥികൾ | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ

മേഖല / ഉപമേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനായും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ വിവിധ രേഖകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കയും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 2 വർഷം | HM അധ്യാപകർ | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് ലാബ് നവീകരിക്കൽ

മേഖല / ഉപമേഖല ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലാബുകൾ ശാസ്ത്രീയമായ രീതിയിൽ നവീകരിക്കൽ | ആകർഷകമായ വിധത്തിൽ കുട്ടികൾക്കാവശ്യമായ പരീക്ഷണങ്ങൾ ചെയ്യുവാൻ പരീക്ഷണശാല സജ്ജമാക്കുക. | 2 വർഷം | HM<br>മാനേജ്മെന്റ് | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഷട്ടിൽകോർട്ട് നിർമ്മിക്കൽ

മേഖല / ഉപമേഖല ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യമൊരുക്കൽ | വിദ്യാലയത്തിന് അനുയോജ്യമായ സ്ഥലത്ത് വിശാലമായ ആധുനീക രീതിയിലുള്ള ഷട്ടിൽ കോർട്ട് ഒരുക്കൽ | 2 വർഷം | HM<br>മാനേജ്മെന്റ് | |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

മേഖല / ഉപമേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവിന്റെ ജനകീയ വൽക്കരണം | അവധി ദിവസങ്ങളിൽ വിവിധ മത്സരപരീക്ഷകൾ തയ്യാറാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ.അധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം. ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന ഫീസ് അക്കാദമിക കാര്യങ്ങൾക്ക് ഉപയോഗിക്കുക. | ആഴ്ചയിൽ ഒരു ദിവസം | S.R.G<br>O.T.A<br>P.T.A | 10000/-<br>പരസ്യം |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് കാരണവർക്കൂട്ടം

മേഖല / ഉപമേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽക്ക് മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുക. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 60 കഴിഞ്ഞ പ്രായമുള്ളവരെ വിദ്യാലയത്തിലേക്ക് ക്ഷണിക്കുന്നു ആശയവിനിമയം നടത്തുന്നു വിവരണം തയ്യാറാക്കുന്നു | വർഷത്തിൽ ഒരു തവണ | S.R.G<br>O.S.A | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് ഗ്രാമ പത്രം

മേഖല / ഉപമേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതു സമൂഹത്തെ അറിയിക്കുക | വിദ്യാലയത്തിന് സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതുവാർത്തകളും ഗ്രാമ പത്രത്തിൽ എഴുതൽ | പ്രതിദിനം | S.R.G സ്കൂൾ പാർലമെന്റ് | 5000/- O.S.A |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് ഹരിതഗ്രാമം

മേഖല / ഉപമേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവതി ഹരിതാഭമാക്കുക | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികൾ പരമാവധി തണൽമരങ്ങൾ വെച്ചു പിടിപ്പിക്കൽ അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ, സമീപത്തെ ക്ലബ്ബ്, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ ഉൾപ്പെടുത്തൽ | വർഷത്തിൽ ഒരു തവണ | P.T.A സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശിൽപശാല

ഉപമേഘല : അക്കാദമികം / ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും, അരചന ശേഷികളുടെ വികാസവും . | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു<br>അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ.<br>പ്രദർശനം സംഘടിപ്പിക്കൽ | വർഷം ഒരു പ്രാവശ്യം | S.R.G | 1000/- |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരണം

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | S.R.G<br>ഗണിത ക്ലബ് | |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഗണിതപാർക്ക്

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | 1000/-<br>(പി.ടി.എ) |

നം 4

പ്രവർത്തനത്തിന്റെ പേര് ഗണിത ക്വിസ്

ഉപമേഖല അക്കാദമികം / ഗണിതം

| ല്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ത്തെ കുറി<br>തിലുള്ള അ | ധാരാളം ചോദ്യങ്ങൾ എഴുതി ബുള്ള റ്റിലുട്ടും ക്ലാസ് കൊടുത്തും കുട്ടിക ളെ പഠിപ്പിക്കുന്നു<br>മികച്ച കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു | തിങ്കൾ, ബുധൻ ദിവസങ്ങൾ | S.R.G<br>ഗണിത ക്ലബ് | ഗണിത ക്ലബ്<br>P.T.A |

ത്തനം 5

പ്രവർത്തനത്തിന്റെ പേര് പസിൽ നിർമ്മാണം

ഉപമേഖല അക്കാദമികം / ശേഷികൾ

| ല്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ുട്ടികളുടെ<br>[illegible] ശേഷി<br>ർദ്ധിപ്പിക്കുക | വിവിധ തരം പസിൽ നിർമ്മാണത്തി ലൂടെ ഗണിത ശേഷികൾ കൈവരി ക്കുന്നതിന് കുട്ടികളിൽ സ്വയം ആ ത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനു ള്ള പ്രവർത്തനം, പ്രദർശനം സംഘ ടിപ്പിക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ് | |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് ഡിസ്കൗണ്ട് മേള

ഉപമേഖല അക്കാദമികം / ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യജീവിതവുമാ യി ബന്ധപ്പെടു ത്തി ഗണിതം എളുപ്പമാക്കൽ | സ്കൂളിൽ ഡിസ്കൗണ്ട് മേള വെച്ച് പു സ്തക മേള നടത്തുക ഓരോ ബു ക്കിനും ഇത്ര ഡിസ്കൗണ്ട് എന്നു വെ ച്ച് വിൽപന നടത്തി ശതമാനത്തെ കു ട്ടികളുടെ മനസ്സിൽ ഉറപ്പിക്കുക | വർഷത്തിൽ ഒരു തവണ | ഗണിത ക്ലബ് | 1000/- |

ർത്തനം 7

പ്രവർത്തനത്തിന്റെ പേര് ഗണിത നാടകം

ഉപമേഖല അക്കാദമികം / ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിത്യ ജീവിതവുമായി ഗണിതത്തെ ബന്ധപ്പെടുത്തി മനസ്സിലാക്കൽ. | വ്യാപ്തം എന്ന ആശയവുമായി ബന്ധപ്പെടുത്തി ഒരു ടാങ്കിന്റെ നിർമ്മാണത്തെ ബന്ധപ്പെടുത്തിയുള്ള നാടകം, കണക്കിലെ ക്രിയകളെ ബന്ധപ്പെടുത്തിയിട്ടുള്ള നാടകം, ലാഭവും നഷ്ടവും, ബന്ധപ്പെടുത്തിയിട്ടുള്ള നാടകം. | വർഷം | ഗണിത ക്ലബ് | |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് മുന്നാക്കം / പിന്നക്കം

ഉപമേഖല അക്കാദമികം / ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം . |
|---|---|---|---|---|
| പിന്നാക്കം നിൽക്കുന്നവർക്കും മുന്നാക്കം നിൽക്കുന്നവർക്കും ഉയരുവാനുള്ള അവസരം | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അവരുടെ പ്രശ്നം മനസ്സിലാക്കി, കളികളിലൂടെ ഗണിതം രസകരമാക്കൽ<br>മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉയർന്ന തരത്തിലുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കൽ | വർഷം | ഗണിത ക്ലബ് | |

## ഉറുദു അടിസ്ഥാന പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| ഭാഷ, പഠനം എളുപ്പമാക്കൽ | അക്ഷരക്കളരി<br>അക്ഷരപക്ഷി<br>സംഖ്യാപഠനം<br>പദകേളി<br>ചിത്രവായന<br>കലണ്ടർ നിർമ്മാണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | 5<br>6<br>7 | ഉറുദു അധ്യാപകൻ |

## ദിൽകി ബാത്ത് – സംഭാഷണം / അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| സംസാരിക്കാനുള്ള ശേഷി.<br>സഭാകമ്പമില്ലാതെ ഭാഷ ശേഷികൾ അവതരിപ്പിക്കാനുള്ള അവസരം | ഉറുദു സാഹിത്യ സമാജം<br>മാസത്തിലൊരിക്കൽ ഉറുദു അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം ഉറുദുമാത്രം സംസാരിക്കൽ | എല്ലാ മാസവും | 5<br>6<br>7 | മെഹ്ഫിൽ ഉറുദു ക്ലബ്ബ് |

## മേരി മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| കുട്ടികൾ നേടിയ ശേഷികൾ മനസിലാക്കൽ<br>ഒരു വർഷം കൊണ്ട് പഠിച്ചതും നിർമ്മിച്ചതും പുനർ പഠനത്തിനായി സൂക്ഷിച്ചുവെക്കൽ | 1. ഓരോ കുട്ടിയും വർഷാവസാനം ഒരു മാഗസിൻ നിർമ്മിക്കുന്നു.<br>2. ഓരോ കുട്ടിയും പഠനഭാഗമായി നിർമ്മിച്ചതും ഭാഷയുമായി ബന്ധപ്പെട്ട് ലഭിച്ചതുമായതെല്ലാം ഉൾപ്പെടുത്തി ഒരു കിറ്റ് നിർമ്മിക്കൽ | ഫെബ്രുവരി<br>മാർച്ച് | 5<br>6<br>7 | വിദ്യാർത്ഥികൾ |

## സാങ്കേതികം/കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| ഐ.സി.ടി സാധ്യത ഉപയോഗിച്ച് ഉറുദു പഠനം<br>കായിക പരമായ അറിവുകൾ നടൽ | സാങ്കേതിക വിദ്യയുടെ സാഹയത്തോടെ ഉറുദു പഠനം.<br>കളി പരിഞ്ജാനത്തിലൂടെ ഭാഷ പഠനം | മാസത്തിൽ ഒരിക്കൽ | 5<br>6<br>7 | ഉറുദു അധ്യാപകൻ |